# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2204 06-02-2019 - ൽ മറുപടിയ്ക്ക്

### കുപ്പിവെള്ളത്തിന്റെ വില

ചോദ്യം | മറുപടി

ശ്രീ.എൻ.ഷംസുദ്ദീൻ :

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിൽ സർക്കാർ തികഞ്ഞ പരാജയമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ വില കുറച്ചതിനുശേഷവും അതിന്റെ പ്രയോജനം നാളിതുവരെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | | |
| (സി) | കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിനായി നിയോഗിച്ച സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; പ്രസ്തുത സമിതി കുപ്പിവെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (സി) | സിവിൽ സപ്ലൈസ് ഡയറക്ടർ, നികുതി, നിയമം, വ്യവസായം, ധനകാര്യം, ജലവിതരണം, ആരോഗ്യം, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ പ്രതിനിധികളും, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിലെ പ്രതിനിധി, സിവിൽ സപ്ലൈസ് വകുപ്പിലെ ലോ ഓഫീസർ എന്നിവർ സമിതിയിലെ അംഗങ്ങളാണ്. പ്രസ്തുത സമിതി കുപ്പിവെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ജലലഭ്യത തീരെ കുറവായ തമിഴ്നാടിനെ മാതൃകയാക്കി വില കുറച്ച് കുപ്പിവെള്ളം വിപണനം നടത്താൻ നടപടി സ്വീകരിയ്ക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.ഐ.ഐ.ഡി.സി ഒരു ലിറ്റർ കുപ്പിവെള്ളത്തിന് (ഹില്ലി അക്വ) 15 രൂപ എം.ആർ.പി നിരക്കിൽ വില്പന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ